ശ്രീമതി എം. കമല : ബഹുമാനപ്പെട്ട ഹസ്സൻ ഉന്നയിച്ച കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ അനുഭാവ പൂർവ്വമായ നടപടികൾ സ്വീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് നല്ല കാര്യമാണ്. എന്നാൽ ഇത് എന്നത്തേയ്ക്ക് അല്ലെങ്കിൽ എത്ര സമയത്തിനുള്ളിൽ, ഇത്ര നാളുകൾക്കുള്ളിൽ കൊടുക്കുവാൻ കഴിയുമെന്ന് ഏകദേശമൊന്നു പറയാൻ കഴിയുമോ ?

ശ്രീമതി എം. കമലം : ഇപ്പോൾ അതിനെക്കുറിച്ച് ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. വേറെ കാലതാമസമൊന്നുമില്ലെങ്കിലും ഈ വകുപ്പിലേക്ക് കൊടുക്കുവാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബഹുമാനപ്പെട്ട ഹസ്സൻ ചോദിച്ചപ്പോൾ ഓർഡർ പിൻവലിക്കുമെന്ന് പറഞ്ഞു. അതുപോലെ പ്രാഥമിക സംഘങ്ങൾക്കും ക്രെഡിറ്റ് സംഘങ്ങൾക്കും ബാധകമാകുന്ന ഇതുപോലൊരു ഓർഡറുണ്ട്. അതും പിൻവലിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ദയവുണ്ടാകുമോ ?

ശ്രീമതി എം. കമലം : പ്രാഥമിക വേനനിർമ്മാണ സംഘങ്ങളാണ് ഇത് കൊടുക്കുന്നത്

ശ്രീ. കൃഷ്ണൻകുട്ടി : ക്രെഡിറ്റ് സംഘങ്ങളിൽ കൃഷിക്കാർക്ക് കൊടുക്കുന്ന ലോണിന്റെ സബ്സിഡിയും മുമ്പേതന്നെ പിടിക്കണമെന്നു പറഞ്ഞുകൊണ്ടുള്ള ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. അതുംകൂടി പിൻവലിക്കുവാൻ തയ്യാറാകുമോയെന്നാണ്.

ശ്രീമതി എം. കമലം : അത് പരിശോധിക്കാവുന്നതാണ്.

(ചോദ്യം നമ്പർ 399 ചോദിച്ചില്ല)

സഹകരണ നിക്ഷേപ സമാഹരണ പദ്ധതി

*372 [400] ശ്രീ. കെ. ഒ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, ജി. കാർത്തികേയൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിക്ഷേപ സമാഹരണ പദ്ധതിമൂലം 1980 മുതൽ സമാഹരിക്കാൻ കഴിഞ്ഞ തുക എത്ര ;

(ബി) ഓരോ വർഷത്തെയും ലക്ഷ്യവും നേട്ടവും എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) 51,458.33 ലക്ഷം രൂപ

(ബി)

വർഷം	ലക്ഷ്യം രൂപ ലക്ഷത്തിൽ	നേട്ടം രൂപ ലക്ഷത്തിൽ
1980	2000	4796.27
1981	2625	5635.60
1982	2500	6024.95
1983	4000	9367.35
1985	6000	11861.56
1986	6000	13772.60

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ലക്ഷ്യത്തെക്കാൾ കൂടുതൽ വിജയിക്കാൻ കഴിഞ്ഞ ഈ പദ്ധതി ആറുമാസത്തേക്കോ അതിൽ കൂടുതൽ കാലഘട്ടത്തിലേക്കോ നിക്ഷേപിച്ച സംഘങ്ങളുടെ കണക്ക് പറയാമോ ?

ശ്രീമതി എം. കമലം : അതിന് പ്രത്യേകമായി നോട്ടീസ് തന്നാൽ മറുപടി പറയാം

സഹകരണ സംഘങ്ങളെ ചിട്ടി ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കാൻ നടപടി

* 373. [401] ശ്രീ. ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കേശവൻ :
,, കെ. മൂസ്സക്കുട്ടി :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചിട്ടി ആക്ടിന്റെ പരിധിയിൽനിന്ന് സഹകരണസംഘങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഇല്ല.

(ബി, സി) വേങ്ങേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വേങ്ങേരി; അരിക്കുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, അരിക്കുളം; വടകര കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വടകര എന്നീ സ്ഥാപനങ്ങൾ 1975-ലെ ചിട്ടി ആക്ടിന്റെ പരിധിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly